**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 320** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഗുരുതര രോഗങ്ങൾ ബാധിച്ചവർക്ക് മുൻഗണനാ റേഷൻകാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കാൻസർ, വൃക്കരോഗം തുടങ്ങിയ ഗുരുതര രോഗങ്ങൾ ബാധിച്ചവരിൽ ആയിരം ചതുരശ്ര അടിയിൽ കൂടുതലുള്ള വീടുകളുള്ളവർക്ക് പ്രസ്തുത കാരണത്താൽ അവരുടെ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താനാവുന്നില്ലെന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട വരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികൾ ഉണ്ടെങ്കിൽ, അപ്രകാരമുള്ള ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് ചികിത്സാർത്ഥം ടി കുടുംബത്തിന്റെ റേഷൻകാർഡ് മുൻഗണനയിലേക്ക് മാറ്റുന്നതിന് 27.10.2020 ലെ സ.ഉ(സാധാ)നം.319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ മാനദണ്ഡപ്രകാരമുള്ള ഈ വിഷയത്തിൽ എന്തെങ്കിലും ഇളവുകൾ നൽകുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ബി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ